ഒരിടത്തും ഇല്ല എന്നാണ് ഈ സഭയിൽ ബഹുമാനപ്പെട്ട മന്ത്രി അറിയിച്ചിട്ടുള്ളത്. ഡാമിന്റെ സുരക്ഷിതത്വത്തിന് എന്തെങ്കിലും കോട്ടം സംഭവിച്ചാൽ ഉണ്ടാകുന്ന ഭവിഷ്യത്തിന്റെ ഭയാനകമായ ചിത്രം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കഴിഞ്ഞ ദിവസം ഈ സഭയിൽ ചൂണ്ടിക്കാണിച്ചതാണ്. എന്റെ നിയോജകമണ്ഡലത്തിലെ പെരിയാർ റിവർ ബണ്ടിൽനിന്ന് 106 വർഷം മുൻപ് പുഴ തിരിച്ചു വിട്ടതാണ്. ആ റിവർ ബണ്ടിലാണ് വള്ളക്കടവ്, വണ്ടിപ്പെരിയാർ, കരിന്തിരി, ചപ്പാത്ത്, ഉപ്പുകര തുടങ്ങിയ ജനവാസ കേന്ദ്രങ്ങളൊക്കെ സ്ഥിതിചെയ്യുന്നത്. ഈ സഭ ചർച്ച ചെയ്യുമ്പോഴും പുഴയോരത്ത് താമസിക്കുന്ന ആളുകളുടെ ആശങ്ക വർദ്ധിക്കുകയാണ്. ഈ ഗുരുതരമായ സ്ഥിതിവിശേഷം കേരളത്തിലെ മൊത്തം ജല സമ്പത്തിന്റെ പ്രശ്നം മാത്രമല്ല, ഈ പുഴയോരത്ത് താമസിക്കുന്ന ജനങ്ങളുടെ ജീവന്റെ പ്രശ്നവുമാണ്. ജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പു വരുത്താൻ എന്ത് നടപടിയാണ് ഗവൺമെൻറ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ശ്രീ. ടി. എം. ജേക്കബ് : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതെല്ലാം ഓരോ വസ്തുതകളാണ്. പഴയ പെരിയാറിന്റെ കുറുകെയാണ് ഈ ഡാം കെട്ടിയിരിക്കുന്നത്. അതുകൊണ്ട് മുമ്പ് പെരിയാർ ഒഴുകിക്കൊണ്ടിരുന്ന പ്രദേശങ്ങളിൽ ആളുകൾ ഇപ്പോൾ താമസിക്കുകയാണ്. നദി ഒഴുകിക്കൊണ്ടിരുന്ന സ്ഥലത്തൊക്കെ ഇപ്പോൾ ജനം ഉണ്ട്. നമുക്ക് ചെയ്യാൻ കഴിയുന്നത് ഡാമിന്റെ സുരക്ഷിതത്വം ഉറപ്പു വരുത്തുക എന്നുള്ളതാണ്. അവിടെ നിന്നും അവരെ മാറ്റി അവരെ റീ-ഹാബിലിറ്റേറ്റ് ചെയ്യുക എന്നുള്ളത് ദുഷ്ക്കരമായ സംഗതിയാണ്, അതിനെക്കുറിച്ച് ഗവൺമെൻറ് ഇതുവരെ ആലോചിച്ചിട്ടില്ല. അവരുടെ സുരക്ഷിതത്വം ഉറപ്പാക്കത്തക്ക നിലയിൽ ഡാമിന് ഒന്നും സംഭവിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കുക എന്നുള്ളതാണ് നമ്മൾ താൽപ്പര്യപൂർവ്വം നോക്കിക്കൊണ്ടിരിക്കുന്ന ഒരു സംഗതി.

സ്വയം തൊഴിൽ പദ്ധതികൾ

2 (*434) ശ്രീ. മത്തായി ചാക്കോ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികജാതിവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഇപ്പോൾ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത് എന്നതിന്റെ വിശദാംശങ്ങളും അനുബന്ധ രേഖകളും ലഭ്യമാക്കുമോ ;

(ബി) ദേശീയ പിന്നോക്ക കമ്മീഷൻ സ്വയംതൊഴിൽ സംരംഭകർക്ക് നൽകുന്ന ലോണുകൾക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള പലിശ നിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വിതരണം ചെയ്തിട്ടുള്ള ലോണുകൾക്ക് ഈടാക്കി വരുന്ന പലിശ നിരക്ക് എത്ര ;

(ഡി) പ്രസ്തുത ലോണുകൾക്ക് 12% പലിശ നിരക്കും 18% പിഴപ്പലിശയും ഈടാക്കിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇക്കാരണത്താൽ സ്വയംതൊഴിൽ ലോൺ എടുത്താൽ പലിശയും പിഴപ്പലിശയും യഥാവിധി അടയ്ക്കാൻ കഴിയാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) പലിശയും പിഴപ്പലിശയും കോമ്പൗണ്ട് ചെയ്ത് അതാത് മാസം വായ്പ എടുത്തവരിൽനിന്നും ഈടാക്കിവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ഇത്തരം ലോണുകൾക്ക് സാധാരണ പലിശ മാത്രമേ ഈടാക്കാവൂ എന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഇപ്പോൾ ഈടാക്കിവരുന്ന പലിശ നിരക്ക് പുനഃപരിശോധിക്കാൻ തയ്യാറാകുമോ ?

പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ) : സർ,

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗവികസന കോർപ്പറേഷൻ സ്വയം തൊഴിൽ കണ്ടെത്തുന്നതിനുവേണ്ടി മൂന്നുതരം പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (എൻ.ബി.സി.എഫ്.ഡി.സി.)-യും ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെയും (എൻ.എം.ഡി.എഫ്.സി.) വായ്പാ സഹായത്താൽ, ഗുണഭോക്താവ് തന്റെ യുക്താനുസരണം തിരഞ്ഞെടുത്ത്, നടപ്പാക്കിവരുന്ന 5 ലക്ഷം രൂപ വരെയുള്ള സ്വയംതൊഴിൽ പദ്ധതി.

   പലിശ നിരക്ക് : 6%

   തിരിച്ചടവ് കാലാവധി : 60 മാസം

2. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (എൻ.ബി.സി.എഫ്.ഡി.സി.) സഹായത്താൽ നടപ്പിലാക്കി വരുന്ന വനിതകൾക്ക് മാത്രമായുള്ള 50,000 രൂപ വരെയുള്ള സ്വയംതൊഴിൽ ന്യൂസ്വർണ്ണിമ പദ്ധതി.

   പലിശ നിരക്ക് : 4%

   തിരിച്ചടവ് കാലാവധി : 60 മാസം

3. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെയും സഹായത്താൽ നടപ്പിലാക്കിവരുന്ന ലഘുവായ്പാ പദ്ധതി (മൈക്രോക്രെഡിറ്റ് സ്കീം). ഈ വായ്പ സർക്കാരിതര സന്നദ്ധ സംഘടനകൾവഴി സ്വയംസഹായ സംഘങ്ങൾ (സെൽഫ് ഹെൽപ്പ് ഗ്രൂപ്പ്)-ക്കാണ് നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

	എൻ.ബി.സി. എഫ്.ഡി.സി.	എൻ.എം. ഡി.എഫ്.സി
ഒരു അംഗത്തിന് കിട്ടുന്ന പരമാവധി തുക	25,000	20,000
പലിശ നിരക്ക് സന്നദ്ധ സംഘടനയ്ക്ക്	5%	4%
സന്നദ്ധ സംഘടന സ്വയം സഹായ സംഘ അംഗത്തിന്	8-10%	7-9%
തിരിച്ചടവ് കാലാവധി	21 മാസം	21 മാസം

(ബി) ദേശീയ പിന്നോക്ക കമ്മീഷൻ സ്വയംതൊഴിൽ സംരംഭകർക്ക് വായ്പ നൽകുന്ന സ്ഥാപനമല്ല. ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ നൽകുന്ന ലോണുകൾക്ക് വ്യവസ്ഥ ചെയ്തിരിക്കുന്ന നിലവിലുള്ള പലിശ നിരക്ക് താഴെപ്പറയും പ്രകാരമാണ്.

വനിതകൾക്ക് : 4%

മറ്റ് സംരംഭകർക്ക് : 6%

(സി) 1-6-1999 വരെ നടപ്പിലാക്കിവരുന്ന സ്വയംതൊഴിൽ പദ്ധതിക്കുള്ള (ഓൾഡ് ലെൻഡിംഗ് പോളിസി) വായ്പകൾക്ക് ദേശീയ കോർപ്പറേഷനുകളുടെ നിർദ്ദേശപ്രകാരം 6 മുതൽ 12 ശതമാനം വരെയാണ് പലിശ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് 1,00,000 രൂപ വരെയുള്ള വായ്പകൾക്ക് പലിശ 7 ശതമാനവും ദാരിദ്ര്യരേഖയുടെ ഇരട്ടിയിൽ താഴെയുള്ളവർക്ക് 5,00,000 രൂപ വരെയുള്ള വായ്പകൾക്ക് 10 ശതമാനവും വാഹന വായ്പാ പദ്ധതിയ്ക്ക് (ടാക്സി, ട്രക്കർ തുടങ്ങിയവ) 12 ശതമാനവുമാണ് ദേശീയ കോർപ്പറേഷൻ നിശ്ചയിച്ചിരിക്കുന്നത്. 1-6-1999-ൽ നിലവിൽ വന്ന ദേശീയ കോർപ്പറേഷനുകളുടെ റിവൈസ്ഡ് ലെൻഡിംഗ് പോളിസി അനുസരിച്ച് സ്വയംതൊഴിൽ വായ്പകൾക്ക് (വനിതകൾക്ക് മാത്രമുള്ള ന്യൂ സ്വർണ്ണിമ പദ്ധതിയൊഴിച്ച് 7 ശതമാനം പലിശ നിരക്ക് നിശ്ചയിക്കുകയുണ്ടായി. 2003 ജനുവരി മുതൽ ദേശീയ കോർപ്പറേഷനുകളുടെ നിർദ്ദേശാനുസരണം പലിശ നിരക്ക് വീണ്ടും 4% മുതൽ 6% വരെ ആയി പുതുക്കി നിശ്ചയിച്ചു.

(ഡി) ഉണ്ട്. 1-2-2001 മുതൽ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷനിൽനിന്ന് എടുക്കുന്ന വായ്പകൾക്ക് പലിശയും പിഴപ്പലിശയും കൂടി 19 ശതമാനത്തിൽ കൂടാൻ പാടില്ലായെന്ന് തീരുമാനിക്കുകയും പ്രസ്തുത തീരുമാനം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഇക്കാര്യം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെടുകയും ആയതിലേക്ക് ഇളവുകൾ നൽകി വൺടൈം സെറ്റിൽമെന്റ് (ഒ.റ്റി.എസ്) പോലുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) പലിശ അതാത് മാസം കോമ്പൗണ്ട് ചെയ്യുന്ന സംവിധാനം ഓൾഡ് ലെന്റിംഗ് പോളിസി വായ്പകളുടെ കാര്യത്തിൽ നിലവിലുണ്ട്. ഓൾഡ് ലെൻഡിംഗ് പോളിസി വായ്പകളിൽ വർഷാവസാനം പിഴപ്പലിശ കോമ്പൗണ്ട് ചെയ്യുന്ന സമ്പ്രദായമുണ്ട്.

(ജി) 1-6-1999-ന് ശേഷം നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾക്ക് (റിവൈസ്ഡ് ലെൻഡിംഗ് പോളിസി) ദേശീയ കോർപ്പറേഷനുകളും സംസ്ഥാന കോർപ്പറേഷനുകളും സാധാരണ പലിശ മാത്രമേ ഈടാക്കിവരുന്നുള്ളൂ.

ശ്രീ. മത്തായി ചാക്കോ : സർ, പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ കേരളത്തിലെ തൊഴിലില്ലാത്ത പതിനായിരക്കണക്കിന് വരുന്ന പിന്നോക്ക വിഭാഗക്കാർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും മറ്റു ജോലികൾ ഏറ്റെടുക്കുന്നതിനുമെല്ലാം സഹായകരമായി പ്രവർത്തിക്കേണ്ട ഒരു കോർപ്പറേഷനാണ്. എന്നാൽ ഈ കോർപ്പറേഷന്റെ ഓഹരിമൂലധനം വർദ്ധിപ്പിക്കുന്നതിനും, അതിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ആത്മാർത്ഥമായിട്ടുള്ള ഒരു നിലപാട് ഗവൺമെന്റ് സ്വീകരിച്ചു എന്ന് പറയാൻ കഴിയുമോ ? 2002-2003 സാമ്പത്തികവർഷം 5.22 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ഓഹരി മൂലധനത്തിലേക്ക് കൊടുക്കുമെന്ന് പറഞ്ഞിരുന്നു. അതിൽ എത്ര തുക കൊടുത്തു എന്നുപറയാൻ ബഹുമാനപ്പെട്ട മന്ത്രി സന്നദ്ധമാകുമോ? അതുപോലെ ഈ സാമ്പത്തിക വർഷം നീക്കിവച്ചിട്ടുള്ള 4.09 കോടി രൂപയിൽ എത്ര കോടി രൂപ അല്ലെങ്കിൽ എത്ര തുക ഈ വർഷം കോർപ്പറേഷന് കൊടുത്തു എന്ന് വ്യക്തമാക്കാമോ ?

ഡോ. എം. എ. കുട്ടപ്പൻ : സർ, കഴിഞ്ഞ വർഷം സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ചത് 5.2 കോടി രൂപയായിരുന്നു. അതിൽ 3.5 കോടി രൂപ കൊടുക്കുകയുണ്ടായി. ഈ വർഷം 4.09 കോടി രൂപയാണ് നിശ്ചയിച്ചിരുന്നത്. അത് ലഭ്യമാക്കാൻ പരമാവധി ശ്രമിക്കുന്നതാണ്. ഇതുവരെ സംസ്ഥാന ഗവൺമെന്റിൽ നിന്ന് 42.76 കോടി രൂപ ഷെയർക്യാപ്പിറ്റൽ ലഭിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും ഇതുവരെയായിട്ടും ഷെയർക്യാപ്പിറ്റൽ ലഭിക്കുകയുണ്ടായിട്ടില്ല. സംസ്ഥാനത്തുള്ള പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന് സംസ്ഥാന ഗവൺമെന്റിൽനിന്നും ലഭിച്ചിട്ടുള്ള ഷെയർക്യാപ്പിറ്റലിനു പുറമേ കേന്ദ്ര ഗവൺമെന്റിൽ നിന്നും ഷെയർക്യാപ്പിറ്റൽ ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം നമ്മൾ സംസ്ഥാന ഗവൺമെന്റിന്റെ 51 ശതമാനം ഷെയർക്യാപ്പിറ്റലിന് തുല്യമായിട്ടുള്ള 49 ശതമാനം ഷെയറിനുവേണ്ടി 41 കോടി രൂപയ്ക്ക് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

ശ്രീ. മത്തായി ചാക്കോ : സർ, ഈ വർഷത്തെ കോർപ്പറേഷന്റെ ബഡ്ജറ്റിൽ ഒരു കാറ്ററിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാൻ വേണ്ടിയിട്ടുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കോർപ്പറേഷൻ സാധാരണയായി തുടങ്ങുന്ന പദ്ധതികളിലെ ഗുണഭോക്താക്കളുടെ പട്ടികയും പേരും പ്രസിദ്ധീകരിക്കാറുണ്ട്. ഈ കാറ്ററിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ അത്തരത്തിലുള്ള ഗുണഭോക്താക്കളുടെ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; ഉണ്ടെങ്കിൽ എത്ര ആളുകൾ അതിനകത്തുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ : സർ, കാറ്ററിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന ഒരു പദ്ധതിയെക്കുറിച്ച് ആലോചനയുണ്ടെങ്കിൽപ്പോലും കോർപ്പറേഷൻ അങ്ങനെ ഒരു പദ്ധതി ഏറ്റെടുത്തിട്ടില്ല. ആരെങ്കിലും അങ്ങനെ ഒരു പദ്ധതിയുമായി മുന്നോട്ടുവരികയാണെങ്കിൽ അതിന് വായ്പാസഹായം നൽകുക എന്നുള്ളതല്ലാതെ ഇപ്പോൾ കോർപ്പറേഷന്റെ മുന്നിൽ അങ്ങനെ ഒരു പദ്ധതി നിലവിലില്ല.

ശ്രീ. എ. കെ. ബാലൻ : സർ, ഈ പിന്നോക്ക വിഭാഗക്ഷേമ കോർപ്പറേഷൻ പിന്നോക്കക്കാർക്ക് കാര്യമായി എന്തെങ്കിലും സഹായം ചെയ്യുന്നു എന്ന് പറയാൻ പറ്റില്ല. ലോൺ എടുത്ത 90 ശതമാനം ആൾക്കാരും റവന്യൂ റിക്കവറിയിലേക്കാണ് പോകുന്നത്. രണ്ട് ലക്ഷം രൂപ ലോൺ എടുത്ത ആള് രണ്ടു ലക്ഷത്തി എൺപത്തിയെട്ടായിരം രൂപ കൊടുത്തിട്ടും 3,40,000 രൂപയുടെ ആർ.ആർ. വന്നിരിക്കുകയാണ്. അതാണ് ആ കോർപ്പറേഷന്റെ സ്ഥിതി. എനിക്കുള്ള ഒരപേക്ഷ ഈ ദേശീയ വികസന കോർപ്പറേഷനും ന്യൂനപക്ഷ വികസന കോർപ്പറേഷനും ഒന്നും സാമ്പത്തികസഹായം വാങ്ങാതെതന്നെ ഡെപ്പോസിറ്റ് സ്വീകരിക്കുന്നതിനുള്ള ഒരു ഏർപ്പാടുണ്ടാക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല. ഇപ്പോൾ കെ.എസ്.എഫ്.ഇ. ഡെപ്പോസിറ്റ് വാങ്ങുന്നുണ്ടല്ലോ, ആ രൂപത്തിൽ ക്രെഡിറ്റ് ആന്റ് ലെൻഡിംഗ് സംവിധാനം ഈ കോർപ്പറേഷൻ വഴി ഉണ്ടാക്കിക്കഴിഞ്ഞാൽ നമുക്ക് ആവശ്യമായിട്ടുള്ള പണം ഉണ്ടാക്കാൻ പറ്റും. പിന്നോക്ക സമുദായത്തിലെ തന്നെ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ആൾക്കാർക്ക് ഒരു ശതമാനം മാർജിൻ കൊടുത്താൽ മതി. ആവശ്യംപോലെ കോടിക്കണക്കിന് രൂപയുടെ ഡെപ്പോസിറ്റ് നമുക്ക് ഉണ്ടാക്കാൻ പറ്റും. ആ രൂപത്തിലുള്ള ഒരു പദ്ധതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കുമോ ?

ഡോ. എം. എ. കുട്ടപ്പൻ : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഈ മുന്തിയ പലിശനിരക്ക് 1999 വരെയായിരുന്നു. ഏതാണ്ട് 12 ശതമാനത്തിന് മേൽ പലിശയുണ്ടായിരുന്നു. പിഴപ്പലിശയാകുമ്പോൾ 14 ശതമാനം വരെയുണ്ടായിരുന്നു. എന്നാൽ 2001 നുശേഷം വീണ്ടും പലിശ കുറച്ചു. ഇപ്പോൾ ഏറ്റവും അവസാനം 2001 ജനുവരി മുതൽ ദേശീയ വികസന കോർപ്പറേഷന്റെ പലിശ 4 ശതമാനം മുതൽ 6 ശതമാനം വരെയാണ്. താരതമ്യേന കുറഞ്ഞ പലിശ ഇപ്പോൾ പുതിയ പോളിസിയിൽ നിന്ന് കിട്ടുന്നതുകൊണ്ട് ആ വായ്പ വാങ്ങാം എന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. സ്വകാര്യ വായ്പ ഇപ്പോൾ വാങ്ങേണ്ടുന്ന വലിയ ആവശ്യം ഉണ്ടാകുന്നില്ല. ഇപ്പോഴത്തെ ലെൻഡിംഗ് പോളിസിപ്രകാരം കുറഞ്ഞ പലിശയ്ക്ക് നമുക്ക് വായ്പ കിട്ടുന്നുണ്ട്.

ശ്രീ. എ. കെ. ബാലൻ : സർ, എന്റെ ചോദ്യം അതായിരുന്നില്ല, നമുക്ക് ആവശ്യംപോലെ ഷെയർ കാപ്പിറ്റലും, ആതറൈസ്ഡ് കാപ്പിറ്റലും ഇല്ല, ആ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി ഗവൺമെന്റിൽനിന്നും സഹായം ലഭിക്കുക എന്നുള്ളത് ഇന്നത്തെ സാഹചര്യത്തിൽ സാധിക്കുകയില്ല. അതുകൊണ്ടാണ് ഞാൻ ഈ സംവിധാനത്തെ സംബന്ധിച്ച് ചോദിച്ചത്. എന്റെ ചോദ്യം വൺ ടൈം സെറ്റിൽമെന്റ് (ഒ.ടി.എസ്.) സ്കീം പ്രകാരം നമുക്ക് ഈ പിഴപ്പലിശ ഒന്ന് ഒഴിവാക്കി ഒരു വൺ ടൈം സെറ്റിൽമെന്റ് വച്ച് പാവപ്പെട്ടവരായ, പിന്നോക്കക്കാരെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കുന്നതിനുള്ള എന്തെങ്കിലും ഒരു സമീപനം സ്വീകരിച്ചുകൂടേ ? പിഴപ്പലിശ ഒഴിവാക്കി—ഈ പലിശ എന്നുപറയുന്നത് പലിശയ്ക്കു പലിശയും അതിന്റെ മുകളിൽ പലിശയുമാണ് വരുന്നത്. സാദാ പലിശ വച്ച് വൺ ടൈം സെറ്റിൽമെന്റ് വച്ച് ഈ ആർ.ആർ.ലേക്ക് പോയിട്ടുള്ള പാവങ്ങളെ ഒന്ന് രക്ഷിക്കാൻ പറ്റുമോ എന്നുള്ളത് ഗവൺമെന്റ് പരിശോധിക്കുമോ ?

ഡോ. എം. എ. കുട്ടപ്പൻ : സർ, ഈ കഴിഞ്ഞ 2002 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലായി ഗവൺമെന്റ് ഒരു വൺ ടൈം സെറ്റിൽമെന്റ് നിശ്ചയിച്ചിരുന്നു. അതിൻപ്രകാരം സംസ്ഥാനത്ത് എല്ലാ ജില്ലകളിൽ നിന്നുമായി 319 പേർ കോടതിയെ സമീപിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 49,02,537 രൂപ കോർപ്പറേഷന് കിട്ടുകയും പലിശയിനത്തിൽ 4,85,970 രൂപ വായ്പ എടുത്തവർക്ക് ഇളവ് കൊടുക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ഒരു വൺ ടൈം സെറ്റിൽമെന്റ് കഴിഞ്ഞ ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നടത്തിയിട്ടുണ്ട്. എപ്പോഴും ചെയ്യാൻ ബുദ്ധിമുട്ടുണ്ടാകും ; ഭാവിയിൽ ആലോചിച്ച് ചെയ്യാവുന്നതാണ്.

ശ്രീ. എം. വി. ജയരാജൻ : സർ, പിന്നോക്ക വിഭാഗത്തിൽപ്പെട്ട ആളുകൾക്കുള്ള സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയായാലും, മറ്റു തൊഴിൽ കണ്ടെത്തൽ പദ്ധതികളായാലും ഇപ്പോൾ കണ്ടുവരുന്ന പ്രധാനപ്പെട്ട പ്രശ്നം സൗദ്ധൃതയുള്ള മേഖല തെരഞ്ഞെടുക്കാൻ കഴിയുന്നില്ല ; അപേക്ഷകരെ അത്തരത്തിൽ സാദ്ധൃതയുള്ള മേഖലയിൽ സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയിലേക്ക് പരിശീലിപ്പിക്കാൻ കഴിയുന്നില്ല എന്നതാണ്. അതിന്റെ ഫലമായിട്ടുതന്നെ സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതി പരാജയപ്പെടുകയാണ് ചെയ്യുന്നത്. അങ്ങനെ വായ്പ എടുത്തവർക്ക് അത് തിരിച്ചടയ്ക്കാൻ കഴിയാതെയും വരുന്നു. അതുകൊണ്ട് ഇതിലേക്ക് അപേക്ഷകരായി വരുന്നവരെ, തെരഞ്ഞെടുക്കപ്പെടുന്നവരെ കാലോചിതമായ മാറ്റങ്ങൾ കൂടി കണക്കിലെടുത്തു കൊണ്ട് പ്രാപ്തമായ തൊഴിൽ പദ്ധതികളിൽ പരിശീലിപ്പിക്കാനും അതിലേക്ക് വായ്പ നൽകാനും ഉൽപ്പാദിപ്പിക്കപ്പെടുന്ന വസ്തുക്കൾക്ക് വിപണി കണ്ടെത്താനും അതിൽ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ പരിഹാരം കാണാനും വികസന കോർപ്പറേഷൻ തന്നെ സംവിധാനം ഏർപ്പെടുത്താൻ ഒരു പദ്ധതി തയ്യാറാക്കുമോ ?

ഡോ. എം. എ. കുട്ടപ്പൻ : സർ, ബഹുമാനപ്പെട്ട അംഗം പറയുന്നതു പോലെയായിരുന്നു പഴയകാലങ്ങളിൽ സംഭവിച്ചിരുന്നത്. പലപ്പോഴും എന്തിനാണ് വായ്പ എടുക്കുന്നത് എന്ന ധാരണ ഇല്ലായിരുന്നു. അടുത്ത കാലത്തായി വിവിധ ജില്ലകളിൽനിന്നുമുള്ള ആളുകളെ വിളിച്ചുകൂട്ടിയിട്ട് അവരെ കാര്യങ്ങൾ പറഞ്ഞ് മനസ്സിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വായ്പ നൽകുകയുമാണ് ചെയ്യുന്നത്. അതിന്റെ ഫലമായിട്ട് 2001-2002 ൽ Best Performing Chanalising Agency-യായി കേരളത്തിലെ ഈ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനെ കേന്ദ്രം കരുതുകയുണ്ടായിട്ടുണ്ട്. ഈ കഴിഞ്ഞ സാമ്പത്തിക വർഷവും Best performance agency ആയിരുന്നു ; മിക്കവാറും കഴിഞ്ഞ വർഷത്തെപ്പോലെ അവാർഡ് ലഭിക്കാൻ സാധ്യതയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങ് സൂചിപ്പിച്ചതുപോലെ വായ്പ എടുത്തുകഴിയുന്ന ആൾക്കും, അവർക്ക് ഇത് എങ്ങനെ തിരിച്ചടയ്ക്കും എന്നതിനെ സംബന്ധിച്ച് മാർക്കറ്റിംഗ് ഉൾപ്പെടെയുള്ള പരിശീലനം നൽകുകയുണ്ടായി. രണ്ടാഴ്ച മുമ്പ് കൊല്ലത്ത് ട്രെയിനിംഗ് നടത്തിയിരുന്നു, തൃശൂരിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. വായ്പ എടുക്കുന്നവരെ അങ്ങനെ കൊടുത്തുവിടുകയല്ല, അവർക്ക് പരിശീലനം നൽകിക്കൊണ്ട് വായ്പ തിരിച്ചടയ്ക്കാനും, സ്വന്തം കാലിൽ നിൽക്കാനും അവരെ പ്രാപ്തരാക്കുക എന്നുള്ളതു തന്നെയാണ് ഈ കോർപ്പറേഷന്റെ ഉദ്ദേശം.

ശ്രീ. എം. വി. ജയരാജൻ : സർ, Best performance-നുള്ള അംഗീകാരം നേരത്തെയും കിട്ടിയിട്ടുണ്ട്, കഴിഞ്ഞ കാലത്തും കിട്ടിയിട്ടുണ്ട്. ഞാൻ ചോദിക്കാൻ ഉദ്ദേശിക്കുന്നത് ദുരുപയോഗം ചെയ്യപ്പെടാത്ത വിധത്തിൽ ഈ വായ്പാ സംവിധാനം മാറുകയാണ്. ഈയിടെ പിന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷന്റെ ചെയർമാനും വെള്ളാപ്പള്ളി നടേശനും ഉൾപ്പെടെയുള്ളവർ മാറാട് സന്ദർശിക്കുകയുണ്ടായി. മാറാട് സന്ദർശിക്കുന്നത് ഔദ്യോഗിക സ്വഭാവത്തോടു കൂടിയാണ്. വെള്ളാപ്പള്ളി അങ്ങനെ പോകേണ്ട ഒരു കാര്യവുമില്ല. ഇരിക്കട്ടെ അങ്ങനെ പോയി, അവിടെ പോയിട്ട് ഈ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെയും, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെയും ധനസഹായത്തോടുകൂടി നമ്മുടെ സംസ്ഥാനത്ത് സ്വയംതൊഴിൽ കണ്ടെത്തൽ പദ്ധതിക്ക് വായ്പ അനുവദിക്കുന്നകാര്യം ഈ കോർപ്പറേഷന്റെ ചെയർമാൻ അവിടെ പ്രഖ്യാപിച്ചത് ചെയർമാന്റെ അധികാരത്തിനപ്പുറമുള്ള പ്രഖ്യാപനമാണ്. പക്ഷേ, നമ്മുടെ മാധ്യമങ്ങളിലെല്ലാം വന്നത് വെള്ളാപ്പിള്ളി നടേശൻ പ്രഖ്യാപിച്ചു എന്നാണ്. എന്താ പ്രഖ്യാപനം! ഇവിടെയുള്ളവർക്കെല്ലാം ആവശ്യമായിട്ടുള്ള വായ്പ ഈ കോർപ്പറേഷൻ നൽകുന്നതാണ് എന്നാണ്. സർക്കാർ സംവിധാനം ദുരുപയോഗം ചെയ്ത് മാറാട് പോയി ഇത്തരത്തിൽ ഒരു പ്രഖ്യാപനം നടത്തിയത് ശരിയാണോ, സർക്കാരിന്റെ ശ്രദ്ധയിൽ അത് വന്നിട്ടുണ്ടോ ?

ഡോ. എം. എ. കുട്ടപ്പൻ : സർ, ഇപ്രകാരം ഒരു പ്രഖ്യാപനം നടത്തുന്ന കാര്യത്തിനുവേണ്ടി ശ്രീ മോഹൻശങ്കർ ഗവൺമെന്റിന്റെ അനുവാദം ചോദിച്ചിരുന്നില്ല. ഗവൺമെന്റ് അങ്ങനെ അനുവാദം കൊടുത്തിട്ടുമില്ല. അത് എങ്ങനെ വന്നു എന്ന് എനിക്കറിഞ്ഞുകൂടാ. മോഹൻശങ്കർ എന്ന ആൾ അദ്ദേഹം ചെയർമാൻ മാത്രമല്ല, എസ്.എൻ.ഡി.പി. യുടെ നേതാവ് കൂടിയാണ്. പക്ഷേ ചെയർമാൻ എന്ന നിലയിൽ ഇപ്രകാരം പ്രഖ്യാപിക്കാൻ അനുവാദം ചോദിച്ചിട്ടില്ല, കൊടുത്തിട്ടുമില്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ : സർ, നോർക്ക വികസന കോർപ്പറേഷന്റെ പ്രവർത്തനം നമ്മുടെ സംസ്ഥാനത്ത് മൂന്നു ജില്ലകളിലായിരുന്നത് 14 ജില്ലകളിലേക്ക് വ്യാപിപ്പിച്ചത് ബഹുമാനപ്പെട്ട കെ. രാധാകൃഷ്ണൻ ഈ വകുപ്പ് കൈകാര്യം ചെയ്ത സമയത്താണ്. ആ സന്ദർഭത്തിൽ രണ്ടുതവണ ആ വകുപ്പിന് അവർക്കുള്ള അംഗീകാരമെന്നുള്ള നിലയിൽ നാഷണൽ അവാർഡ് ലഭിച്ചിട്ടുണ്ട്. ഈ പഴയകാല അനുഭവങ്ങളെല്ലാം പരിശോധിച്ചുകൊണ്ട് രാജ്യത്തിന്റെ മൊത്തം അംഗീകാരം നേടാവുന്ന നിലയിൽ പുതിയ സ്കീമുകൾ ആവിഷ്ക്കരിച്ചു കൊണ്ടുള്ള പ്രവർത്തന പദ്ധതിക്ക് ഈ ഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എം. എ. കുട്ടപ്പൻ : സർ ഇപ്പോൾത്തന്നെ 8 സ്കീമുകൾ ഉണ്ട്. സ്വയം തൊഴിൽ വായ്പാ പദ്ധതികൾ, ലഘു വായ്പാ പദ്ധതികൾ, വിദ്യാഭ്യാസ വായ്പാ പദ്ധതികൾ, വിവാഹ വായ്പാ പദ്ധതികൾ, കംപ്യൂട്ടർ വായ്പാ പദ്ധതികൾ, ടൂ വീലർ വായ്പാ പദ്ധതികൾ, അങ്ങനെ വിവിധങ്ങളായ വായ്പാ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. ഇതിന്റെയൊക്കെ ഫലമായി നല്ല പെർഫോമൻസ് ഉണ്ട്. ഈ കോർപ്പറേഷൻ 1995-ൽ ആണ് ആരംഭിച്ചത്. 1995-2001 കാലഘട്ടംവരെ 26,733 ബെനിഫിഷറിസിന് 101.97 കോടി രൂപ വായ്പ കൊടുത്തിട്ടുണ്ട്, 2001 മേയ് മാസം മുതൽ ഈ കഴിഞ്ഞ ജൂൺ മാസം 30 വരെയുള്ള രണ്ടേകാൽ വർഷം കൊണ്ട് 26,150 ബെനിഫിഷറീസിന് 98.63 കോടി രൂപ വായ്പ കൊടുത്തിട്ടുണ്ട്. നല്ല പെർഫോമൻസാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

മെട്രോ വാട്ടർ സപ്ലൈ സംവിധാനം

3 (*435) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി ചെന്താമരാക്ഷൻ :
ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി നിലവിലുള്ള ചെറുകിട ജലവിതരണ പദ്ധതികൾ കൈവിട്ടുകൊണ്ടിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ; എത്ര പദ്ധതികളാണ് കൈവിടാൻ തീരുമാനിച്ചിട്ടുള്ളത് ; ഇതിനകം എത്ര പദ്ധതികൾ കൈവിടുകയുണ്ടായി ; പദ്ധതികൾ പഞ്ചായത്തുകൾക്ക് ഏത് തീയതിക്ക് മുമ്പ് കൈമാറണമെന്നാണ് എ.ഡി.ബി. നിർദ്ദേശിച്ചിട്ടുള്ളത് ;

(ബി) സംസ്ഥാനത്തെ പട്ടണപ്രദേശങ്ങളിലെ ജലവിതരണ പദ്ധതികൾ "മെട്രോ വാട്ടർ സപ്ലൈ" സംവിധാനത്തിന് കീഴിൽ കൊണ്ടുവരാനായി ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രത്യേക സംവിധാനത്തിൻ കീഴിലാക്കുന്നതുമൂലം ഉപഭോക്താക്കൾക്ക് എന്ത് പ്രയോജനമാണ് ലക്ഷ്യമാക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) സർക്കാരിന്റെ നടപടികൾ കുടിവെള്ളത്തെ വിലയേറിയതും ഡിമാന്റുള്ളതുമായ ഉല്പന്നമാക്കി മാറ്റുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) കുടിവെള്ള രംഗത്ത് സ്വീകരിക്കുന്ന നയസമീപനങ്ങൾ സാധാരണക്കാരായ ഉപഭോക്താക്കളെ പരിഗണിച്ചുകൊണ്ടുള്ളതാക്കാൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly